## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 4456** — **13.11.2019-ൽ മറുപടിയ്ക്ക്**

### ഇരിങ്ങാലക്കുട മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| പ്രൊഫ. കെ. യു. അരുണൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| സാംസ്കാരിക വകുപ്പിനു കീഴിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സംസ്ഥാന സാംസ്കാരിക വകുപ്പ് ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാന വ്യാപകമായി വകുപ്പ് നടപ്പിലാക്കി വരുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ ഇരിങ്ങാലക്കുട വെള്ളാങ്കല്ലൂർ, മാള, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി എന്നീ നാലു ക്ലസ്റ്ററുകളിലായി നിയോഗിക്കപ്പെട്ട 15 കലാകാരന്മാർ നിരവധി പഠിതാക്കൾക്ക് ക്ലാസിക്കൽ, ലളിതകല, അഭിനയകല, ഫോക് ലോർ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകി വരുന്നു.<br>തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന വാദ്യകലപതി പല്ലാവൂർ അപ്പമാരാർ സ്മാരക വാദ്യ ആസ്വാദക സമിതിയുടെ നേതൃത്വത്തിൽ താളവാദ്യ മഹോത്സവം എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനമായി 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി സാംസ്കാരിക വകുപ്പിന്റെ അനാവർത്തന ഗ്രാന്റായി 50,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>കൂടാതെ തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന ഉണ്ണായി വാര്യർ സ്മാരക കലാനിലയത്തിന്റെ പ്രവർത്തനങ്ങൾക്കായി 23/11/2016-ലെ സ.ഉ(സാ.ധാ) നമ്പർ. 391/2016/സാം.കാ.വ ഉത്തരവ് പ്രകാരം വാർഷിക/ആവർത്തന ഗ്രാന്റായി 50 ലക്ഷം രൂപ വീതം അനുവദിച്ച് പോരുന്നു. |

സെക്ഷൻ ഓഫീസർ